"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് - രണ്ടാം വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.2287/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/11/2021

---

പരാമർശം:- (1) സ.ഉ.(എം.എസ്.) നം.222/2013/തസ്വഭവ തീയതി 15.06.2013.

(2) സ.ഉ.(ആർ.റ്റി.) നം.371/2018/തസ്വഭവ തീയതി 07.02.2018.

(3) അമൃത് മിഷൻ ഡയറക്ടറുടെ 01.06.2021-ലെ എ1-1147/2014/കെ.എസ്.യു.ഡി.പി. നമ്പർ കത്ത്.

(4) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.06.2021-ലെ 3242/സി1/2012/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഡബ്ല്യുപി(സി).34496/2009 മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. കോടതിവിധിക്ക് അനുസൃതമായി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.യു.ഡി.പി.യെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ 5 വർഷത്തേയ്ക്ക് ഓപ്പറേഷൻ & മെയിന്റനൻസ് കരാർ വയ്ക്കണമെന്നും ഇതിൽ ആദ്യത്തെ രണ്ട് വർഷം സർക്കാരും തുടർന്നുള്ള 3 വർഷത്തേയ്ക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെലവ് വഹിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2. ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഒന്നാം വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് തുകയായ 10 ലക്ഷം രൂപ ശുചിത്വ മിഷനിൽ ലഭ്യമായിട്ടുള്ള ശുചിത്വ കേരളം (അർബൻ) ഘടകത്തിൽ നിന്നും അനുവദിച്ച നൽകുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

3. അമൃത് മിഷൻ ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ട ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ രണ്ടാം വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് തുകയായ 10 ലക്ഷം രൂപ ശുചിത്വമിഷനിൽ ലഭ്യമായിട്ടുള്ള ശുചിത്വ കേരളം (അർബൻ) (ഹെഡ് ഓഫ് അക്കൗണ്ട് 2217-80-800-71) ഘടകത്തിൽ നിന്നും അനുവദിച്ച നൽകണമെന്ന് പരാമർശം (4) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ്

പ്ലാന്റിന്റെ രണ്ടാം വർഷത്തെ ഓപ്പറേഷൻ & മെയിന്റനൻസ് ഇനത്തിനായി ആവശ്യപ്പെട്ടിരിക്കുന്ന 10 ലക്ഷം(പത്ത് ലക്ഷം മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു. പ്രസ്തുത ആവശ്യത്തിനു വേണ്ടിയുള്ള തുക നഗരപ്രദേശങ്ങൾക്കു വേണ്ടിയുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള ശുചിത്വ മിഷൻ (അർബൻ) ഘടകത്തിന്റെ 2217-80-800-71(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Shibi Abraham
ഡെപ്യൂട്ടിസെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മിഷൻ ഡയറക്ടർ, അമൃത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) / (ഓഡിറ്റ് ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.